## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5244. 30.06.2014 ൽ മറുപടിയ്ക്ക്.

<u>സ്കൂൾകുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി</u>

| ചോദ്യം<br>ശ്രീ. ബാബു.എം. പാലിശ്ശേരി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പല സ്കൂൾ ബസ്സുകളും കുട്ടികൾക്ക് അസ്സഹനീയമായ ബുദ്ധിമുട്ട് ഉണ്ടാക്കികൊണ്ട് കുട്ടികളെ കുത്തിനിറച്ച് കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | സ്കൂൾ ബസ്സുകളിലും മറ്റും നിശ്ചിത എണ്ണം കുട്ടികളെ മാത്രമേ കയറ്റികൊണ്ടു പോകാവൂ എന്ന് കർശന നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ ; | (ബി) | നിർദ്ദേശം നല്കിയിട്ടുണ്ട് |
| (സി) | സുരക്ഷയോടുകൂടിയും സൗകര്യപ്രദമായും കുട്ടികൾക്ക് സ്കൂൾ ബസ്സുകളിൽ യാത്ര ചെയ്യാൻ കഴിയുന്നു എന്ന് ഉറപ്പു വരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ ? | (സി) | വിദ്യാർത്ഥികളുടെ യാത്രാസുരക്ഷിതത്വം ഏറ്റവും പ്രാധാന്യത്തോടെ കാണേണ്ടതായ ഒരു കാര്യമാണെന്ന വസ്തുത പരിഗണിച്ചു കൊണ്ട് അടിക്കടി സ്കൂൾവാഹനങ്ങൾ അപകടത്തിൽപ്പെടുന്നു എന്ന പശ്ചാത്തലത്തിൽ ഇതു സംബന്ധിച്ച് 24/06/2014 ൽ വനവും ഗതാഗതവും വകുപ്പമന്ത്രി മോട്ടോർവാഹനം, പോലീസ്, ഹയർസെക്കന്ററി വിദ്യാഭ്യാസം, പൊതു വിദ്യാഭ്യാസം, ടെക്നിക്കൽ വിദ്യാഭ്യാസം, കോളേജ് വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചു കൊണ്ട് ഒരു യോഗം വിളിച്ചുചേർത്തിരുന്നു. വിദ്യാർത്ഥികൾ റോഡപകടത്തിൽ പ്പെടുന്നത് ഒഴിവാക്കുന്നതിനും, റോഡ് സുരക്ഷ അവബോധം സൃഷ്ടിക്കുന്നതിനു മായി ജില്ലാ തലം മുതൽ പഞ്ചായത്ത് തലം വരെ സ്റ്റുഡന്റ്സ് റോഡ് സേഫ്റ്റി കമ്മിറ്റികൾ രൂപീകരിക്കുന്നതിനും സ്കൂളുകളുടെ പരിസരത്ത് ബോർഡുകൾ സ്ഥാപിച്ചുകൊണ്ട് രാവിലെ 8.30 മുതൽ 9.30 വരെയും വൈകിട്ട് 3.30 മുതൽ 4.30 |

| | | | |
|---|---|---|---|
| | | | വരെയും വാഹനങ്ങളുടെ വേഗത കർശനമായി നിയന്ത്രിക്കുന്നതിനും ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിനും ഒരു വോളന്ററി നോഡൽ ഓഫീസറേയും അദ്ദേഹത്തിന്റെ കീഴിൽ ഒരു ടീമിനേയും നിയോഗിക്കുന്നതിനും ഓരോ ജില്ലയിലും ഒരു ട്രാഫിക് പാർക്ക് സ്ഥാപിക്കുന്ന തിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും സ്കൂൾ ഡ്രൈവർമാരുടെ താഴ്ന്ന പ്രായപരിധി 25 വയസ്സാക്കുന്നതിനും കൂടാതെ 5 വർഷത്തെ ഡ്രൈവിംഗ് പരിചയം നിർബന്ധമാക്കിക്കൊണ്ട് നിലവിലുള്ള നിർദ്ദേശങ്ങൾ മാറ്റം വരുത്തുന്നതിനും സ്കൂൾവാഹനങ്ങളുടെ പുറമെയുള്ള ഭാഗത്ത് ഡ്രൈവറെ ബന്ധപ്പെടാനുള്ള ഫോൺ നമ്പർ സഹിതമുള്ള വിവരങ്ങൾ പ്രദർശി പ്പിക്കുന്നതിനും വിവരങ്ങൾ പോലീസിന് നൽകുന്നതിന് ഓരോ വാഹനത്തിന്റേയും അതിൽ സഞ്ചരിക്കുന്ന വിദ്യാർത്ഥി കളുടെയും പട്ടിക തയ്യാറാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കു ന്നതിനും തീരുമാനിച്ചിട്ടുണ്ട്. നിലവിൽ സ്കൂൾ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയത്തും, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കുന്ന സമയത്തും, വാഹനങ്ങൾ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താറുണ്ട്. കൂടാതെ ദൈനംദിന വാഹന പരിശോധന സമയത്തും നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഇത് കൂടാതെ ഗതാഗത കമ്മീഷണർ താഴെ പറയുന്ന നിർദ്ദേശങ്ങൾ ആർ.ടി.ഒ.മാർക്കും ജോയിന്റ് ആർ.ടി.ഒ.മാർക്കും നല്കിയിട്ടുണ്ട്.<br><br>1 ബന്ധപ്പെട്ട ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും , റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മാരും തങ്ങളുടെ അധികാര പരിധിയിലുള്ള എല്ലാ സ്കൂൾ ബസ്സുകളും മെയ് 15-ന് മുമ്പ് പരിശോധിച്ച് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിയ്ക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം. നിയമങ്ങളും ചട്ടങ്ങളും പാലിയ്ക്കാത്ത വാഹനങ്ങൾക്ക് നോട്ടീസ് |

നൽകേണ്ടതും മെയ് 31-ന് മുമ്പ് തന്നെ കുറവുകൾ പരിശോധിച്ച് വാഹനം പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നിർദ്ദേശിയ്ക്കേണ്ടതുമാണ്.

2 വാഹന പരിശോധന നടത്തുമ്പോൾ വാഹനങ്ങളിലെല്ലാം തന്നെ സ്പീഡ് ഗവർണ്ണർ ഘടിപ്പിച്ചിട്ടുണ്ടെന്നും അവ പ്രവർത്തിയ്ക്കുന്നുണ്ടെന്നും ഉറപ്പു വരുത്തണം.

3 സ്കൂൾ ബസ്സുകളുടെ ഡ്രൈവർമാർക്ക് കേരള മോട്ടോർ വാഹന ചട്ടം അനുശാസിയ്ക്കുന്ന യോഗ്യതകൾ ഉണ്ടെന്ന് ഉറപ്പു വരുത്തണം.

4 പെർമിറ്റിൽ പ്രതിപാദിച്ചിരിയ്ക്കുന്നതിനേക്കാൾ കൂടുതൽ കുട്ടികളെ സ്കൂൾ ബസ്സിനുള്ളിൽ കയറ്റുന്നത് നിരുൽസാഹപ്പെടുത്തേണ്ടതും, അതിന്റെ ഭവിഷ്യത്ത് സ്കൂൾ അധികാരികളെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യണം.

ഈ സ്കൂൾവർഷാരംഭം മുന്നിൽക്കണ്ടുകൊണ്ട് താഴെ പറയുന്ന കർശന നിർദ്ദേശങ്ങൾ ഗതാഗത കമ്മീഷണർ നൽകിയിട്ടുണ്ട്.

1 മഴക്കാലം ആരംഭിക്കുന്നതിന് മുൻപ് തന്നെ സ്കൂൾ ബസ്സുകളുടെ പ്രത്യേക പരിശോധന വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തേണ്ടതാണ്.

2 സ്കൂൾ ബസ്സുകളല്ലാത്ത വാഹനങ്ങളിൽ കുട്ടികളെ കയറ്റിക്കൊണ്ട് പോകുകയാണെങ്കിൽ 'On School Duty' ബോർഡ് പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നും അമിതമായി കുട്ടികളെ കുത്തിനിറയ്ക്കുന്നുണ്ടോ എന്നും പ്രത്യേകം പരിശോധിക്കേണ്ടതുമാണ്.

3 മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ സ്കൂൾ ബസ്സുകളുമായി ബന്ധപ്പെട്ട് തുടർ പരിശോധനകൾ നടത്തേണ്ടതും, മുച്ചക്ര വാഹനങ്ങളിൽ അമിതമായി കുട്ടികളെ കയറ്റിക്കൊണ്ട് പോകുന്നത് നിരുത്സാഹപ്പെടുത്തേണ്ടതുമാണ്

| | | | |
|---|---|---|---|
| • | | | 4 നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായി സുരക്ഷാമാനദണ്ഡങ്ങളില്ലാതെ കുട്ടികളെ കയറ്റിക്കൊണ്ട് പോകുന്ന വാഹനങ്ങളുടെ പെർമിറ്റ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ.